# കാർഷിക വിപ്ലവത്തിലൂടെ സമഗ്രമായ ഭൂപരിഷ്കരണം

പി.എൻ. പ്രൊവിന്റ്

ഭൂപരിഷ്ക്കരണത്തിലെ അശാസ്ത്രീയതയും അപാകതകളും മണ്ണിൽ അദ്ധ്വാനിച്ചിരുന്ന കർഷക ത്തൊഴിലാളികളെ കൃഷിഭൂമിയിൽ നിന്നും ആട്ടിയകറ്റുന്നതിലേക്കും ഒരു പുത്തൻ ഭൂവുട വർഗ്ഗത്തിന്റെ വളർച്ച യിലേക്കും വഴിതെളിച്ച സാഹചര്യ ത്തിൽ ആഗോളവത്ക്കരണത്തെ തുടർന്നുണ്ടായ സാമ്പത്തിക പ്രവണ തകൾ ഭൂമിയെ ഒരു നിക്ഷേപ വസ്തു വാക്കി മാറ്റിക്കൊണ്ടിരിക്കുന്നതിനെ തിരെ സി.പി.ഐ. (എം.എൽ) ന്റെ ഭൂസമരസമിതി കൃഷിഭൂമി കർഷ കർക്ക് എന്ന മുദ്രാവാക്യമുയർത്തി കേരളത്തിലെമ്പാടും ഭൂമിപിടിച്ചെടു ക്കൽ സമരങ്ങൾ നടത്തി വരികയാണ്. സമഗ്രമായ ഭൂപരിഷ്ക്കരണം സാദ്ധ്യ മാക്കുന്ന കാർഷിക വിപ്ലവ പരിപാടി വികസിപ്പിച്ചുകൊണ്ട് കേരളത്തിലെ ഭൂമി പ്രശ്നങ്ങൾക്ക് പരിഹാര കാണ ണമെന്നാവശ്യപ്പെട്ട് ഭൂസമരസമിതി നടത്തുന്ന സമരങ്ങൾക്ക് നേതൃത്വം നൽകുന്നത് ഭൂരഹിതരായ പരമ്പരാ ഗത കർഷകത്തൊഴിലാളികളും, ദളി തരും, ആദിവാസികളുമാണ്. കേരള ത്തിലെമ്പാടും പാട്ടക്കാലാവധി കഴി ഞ്ഞിട്ടും അനധികൃതമായി കൈവശം വച്ചിരിക്കുന്ന വൻകിട കച്ചവടഗ്രൂപ്പുകളുടെ ഭൂമി ഭൂസമരസ മിതി പിടിച്ചെടുത്ത് കുടിൽകെട്ടി സമ രമാരംഭിച്ചിട്ടുണ്ട്. വയനാട് ജില്ലയിലെ മേപ്പാടിയെലും കല്ലുമലയിലെയും ഭൂമി പൂർണ്ണമായും ഭൂസമരസമിതി യുടെ അധികാരത്തിന്റെ പരിധിയിലാ യിട്ടുണ്ട്. എല്ലാ വിളകളുമുള്ള തോട്ട മാണ് കല്ലുമലയിലേത്. 2008 ജനുവരി 26 റിപ്പബ്ലിക് ദിനത്തിലാണ് കല്ലുമല യിൽ ഭൂമി പിടിച്ചെടുത്ത് കുടിൽ കെട്ടൽ ആരംഭിച്ചത്. 528 കുടുംബ ങ്ങളാണ് സമരത്തിന് മുൻനിരയിലു ണ്ടായിരുന്നത്. ആദിവാസികളും ദളി തരും, മുസ്ലീംങ്ങളുമാണ് ഇവരിൽ പ്രധാനമായുമുള്ളത്. വർഷങ്ങൾക്ക് മുമ്പ് ഈ ഭൂമിയിലെ തോട്ടത്തിൽ പണിയെടുത്തിരുന്ന തൊഴിലാളി സംഘടനകളിലുള്ളവരാണ് ഇവരില ധികവും. ഹാരിസണിന്റെ കൈയ്യിൽ നിന്നും പാട്ടക്കാലവധി കഴിഞ്ഞ് ഗവൺമെന്റ് ഏറ്റെടുത്തെങ്കിലും ഈ ഭൂമി ഇപ്പോൾ രണ്ടുപേരുടെയും കൈയ്യിലില്ലാതെ നിയമതർക്കത്തിൽ കുരുങ്ങിക്കിടക്കുകയാണ്. 400 ഏക്ക റിലധികം വരുന്ന ഈ ഭൂമിയിൽ ഏറി യപങ്കും ഈറക്കാടുകളാണ്. പിടിച്ചെ ടുത്ത ഭൂമിയിൽ 10സെന്റ് വീതം തിരിച്ച് കുടുംബങ്ങൾ വീട് വച്ച് തുടങ്ങി. മിച്ചംവരുന്ന സ്ഥലത്ത് അവ രുടേതായ ചെറിയ കൃഷികളും അവർ ആരംഭിച്ചിട്ടുണ്ട്. ഭൂമി കയ്യേറി കുടിൽകെട്ടിയ ശേഷമാണ് പോലീസ് വിവരമറിയുന്നത്. പിന്നീട് വലിയ സായുധ സന്നാഹങ്ങളുമായി കൈയ്യേറ്റമൊഴിപ്പിക്കാൻ അവരെത്തി യെങ്കിലും സമരത്തിന്റെ ശക്തി കൊണ്ട് പിൻവലിയേണ്ടിവന്നു. മേപ്പാ ടിയിൽ ഭൂസമര സമിതി പിടിച്ചെടുത്ത ഭൂമിയെച്ചൊല്ലിയും, പാട്ടക്കരാറു കാരും സർക്കാരും തമ്മിൽ സുപ്രീം കോടതിയിൽ കേസ് നിലവിലുണ്ട്. 70ലെ ഭൂനിയമമനുസരിച്ച് സർക്കാ രിന്റെ കൈവശം പോയതാണെ ങ്കിലും തങ്ങളുടെ പാട്ടഭൂമിയാണിതെ ന്നാണ് ഹാരിസണിന്റെ വാദം. ഞങ്ങ ളാണ് ഇപ്പോൾ ഇവിടെ താമസിക്കു ന്നതെന്ന് കാണിച്ച് ഈ ഭൂമിയുടെ അവകാശം തങ്ങൾക്ക് വിട്ടുതരണമെ ന്നാവശ്യപ്പെട്ട് ഭൂസമരസമിതിയും കേസിൽ കക്ഷിചേർന്നിട്ടുണ്ട്. ഈ

**കേരളത്തിലെ ഭൂരഹിതരിൽ ഏറിയ പങ്കും ദളിതരും ആദിവാസികളുമാണ്. എന്നാൽ അവർ നടത്തുന്ന സമ രങ്ങളിലെ സ്വത്വ രാഷ്ട്രീയത്തെ ഞങ്ങൾ അംഗീകരി ക്കുന്നില്ല. അവരുടെ ആവശ്യങ്ങൾ തീർത്തും ന്യായമാ യതിനാലാണ് ഞങ്ങൾ അവരുടെ സമരങ്ങൾക്ക് പിന്തുണ പ്രഖ്യാപിക്കുന്നത്. ഭൂപരിഷ്ക്കരണം വർഗ്ഗാ ടിസ്ഥാനത്തിലുള്ള വിഭജനം നടത്തിയതുകൊണ്ടാണ് പരാജയപ്പെട്ടതെന്ന് ദളിത് സമരക്കാർ പറയുന്നുണ്ട്. ദളിത് എന്ന പേരിൽതന്നെ ഭൂമിയുടെ അവകാശം പുനർനിർണ്ണയിക്കപ്പെട്ടാൽ അപാകതകൾ പരിഹരിക്ക പ്പെടുമെന്ന് അവർ സമരങ്ങളിലൂടെ തെളിയിക്കേണ്ടി യിരിക്കുന്നു.**

വിധത്തിൽ നിയമകുരുക്കിൽ പെട്ട് വെറുതെ കിടക്കുന്ന ഏക്കറുകണക്കിന് ഭൂമി കേരളത്തിൽ എല്ലാ ജില്ലകളിലുമുള്ളപ്പോഴാണ് ഭൂരഹിതരായ ഒരു വലിയ വിഭാഗം തെരുവിലും പുറമ്പോക്കിലും കഴിയേണ്ടിവരുന്നത്. കല്ലുമലയിലും മേപ്പാടിയിലും കുടിയേറിയവരെ ഒഴിപ്പിക്കാൻ ഇതിനിടയിൽ സർക്കാരിന്റെ ഭാഗത്ത് നിന്നും ശ്രമങ്ങൾ നടക്കുന്നുണ്ട്. അർഹതയുള്ളവർക്ക് ഭൂമി നൽകാം എന്ന് പറഞ്ഞ് അവർ ഭൂമി പിടിച്ചെടുത്തവരുടെ ലിസ്റ്റ് എടുത്തു. എന്നാൽ ലിസ്റ്റിൻപ്രകാരം സ്പെഷ്യൽ ബ്രാഞ്ച് പോലീസുകാർ പിന്നീട് അവരെ പീഡിപ്പിക്കുകയാണുണ്ടായത്.

വയനാടിലേതുപോലെയുള്ള സമരങ്ങൾ കേരളത്തിലെ എല്ലാ ജില്ലകളിലും ഭൂസമര സമിതി നടത്തിവരുന്നുണ്ട്. പത്തനംതിട്ട ജില്ലയിലെ വടശ്ശേരിക്കരയിൽ 12 കുടുംബങ്ങൾ ഭൂസമരസമിതിയുടെ നേതൃത്വത്തിൽ അനധികൃത ഭൂമി പിടിച്ചെടുത്ത് കുടിൽകെട്ടി താമസമാക്കി. ചെങ്ങറ സമരമാരംഭിക്കുന്നതിനും മുമ്പായിരുന്നു ഈ സംഭവം. കൊല്ലം ജില്ലയിലെ തെന്മലയിലെ റിയ എസ്റ്റേറ്റിൽ ഭൂമി പിടിച്ചെടുക്കാനുള്ള ശ്രമം പോലീസ് തടഞ്ഞു. ഹാരിസൺ നിയമവിരുദ്ധമായി സ്വകാര്യവ്യക്തിക്ക് കൈമാറിയ പാട്ടഭൂമിയാണ് റിയ എസ്റ്റേറ്റ്. കോട്ടയം ജില്ലയിലെ മുണ്ടക്കയത്ത് സ്വകാര്യവ്യക്തിയായ യോഹന്നാന് ഹാരിസൺ വിറ്റ ഭൂമിയിലേക്ക് മാർച്ച് നടത്താനിരുന്ന ഭൂസമരസമിതി പ്രവർത്തകരെ പോലീസ് മുൻകൂട്ടി അറസ്റ്റ്ചെയ്തു. പാലക്കാട് ജില്ലയിലെ ആലത്തൂർ താലൂക്കിന്റെ പരിധിയിൽ വരുന്ന മംഗലംഡാം, കടപ്പാറ, കവിളുപ്പാറ പ്രദേശങ്ങളിൽ 35 വർഷമായി സ്ഥിരമായി താമസിക്കുന്ന ദളിത് വിഭാഗക്കാരായ ദരിദ്രജനങ്ങളെ ഒഴിയൽ നോട്ടീസ് നൽകി ഈ ഭൂമി മറ്റ് സ്വകാര്യവ്യക്തികൾക്ക് മറിച്ച് വിൽക്കാനുള്ള ശ്രമവും സർക്കാർ നടത്തുന്നുണ്ട്. കവിളുപാറയിൽ വെള്ളവും വെളിച്ചവുമെത്താത്ത നാൽപ്പതോളം ആദിവാസി കുടിലുകളാണ് അനധികൃതമെന്ന പേരിൽ സർക്കാർ പൊളിച്ചുമാറ്റാൻ പോകുന്നത്. സമരസമിതി ഈ നീക്കത്തിനെതിരെ പ്രക്ഷോഭ പരിപാടികൾ നടത്തിവരുന്നു. മലപ്പുറം ജില്ലയിൽ



ഭൂസമരങ്ങൾ വളരെ സജീവമാണ്. നിലമ്പൂർ, ചുങ്കത്തറ, മാറഞ്ചേരി, മുണ്ടേപ്പാടം, ചോക്കാട് എന്നീ സ്ഥലങ്ങളിൽ ഭൂമി പിടിച്ചെടുക്കൽ സമരങ്ങൾ നടക്കുന്നുണ്ട്.

സർക്കാരിനെ അട്ടിമറിക്കാനുള്ള ശ്രമങ്ങളുടെ ഭാഗമായാണ് സർക്കാർ ഭൂമിസമരങ്ങളെ വിലയിരുത്തുന്നത്. 57ലെ സർക്കാരിന്റെ തുടർച്ചയാണ് ഈ സർക്കാരെന്നും ആയതിനാൽ ആ ധാരയെ മുഴുവനായി ഇല്ലായ്മ ചെയ്യാൻ വേണ്ടിയാണ് ഈ സമരങ്ങളെന്നുമാണ് ഉത്തരവാദിത്തപ്പെട്ട ഭരണകർത്താക്കൾ ന്യായം പറയുന്നത്. ഭൂപരിഷ്ക്കരണം നടപ്പിലാക്കിയതിനാൽ ഈ നാട്ടിൽ ഭൂമിയുടെ അവകാശത്തെയോ ആവശ്യത്തെയോ ചൊല്ലി സമരങ്ങൾ നടത്തേണ്ട ആവശ്യമില്ലെന്നും പറഞ്ഞ് ഭരണപക്ഷം പൊള്ളയായ വാദങ്ങൾ നിരത്തുകയാണ്.

എന്നാൽ യാഥാർത്ഥ്യം ഈ പ്രസ്താവനകളിൽ നിന്നെല്ലാം ഏറെ ദൂരെയാണ്. ചെങ്ങറയിലായാലും കേരളത്തിലെ ഭൂമിസമരങ്ങൾ നടക്കുന്ന മറ്റേത് പ്രദേശത്തായാലും ഒരു തുണ്ട് ഭൂമിയ്ക്ക് വേണ്ടിയിട്ട് മരിക്കാൻപോലും തയ്യാറായാണ് ജനങ്ങൾ സമരത്തിന് അണിനിരന്നിരിക്കുന്നത്. അത്രയ്ക്ക് ആഴമേറിയതും അടിസ്ഥാനവുമാണ് അവരുടെ ആവശ്യങ്ങൾ. ഞങ്ങളുടെ കണക്കനുസരിച്ച് ഏതാണ്ട് 40 ലക്ഷത്തോളം കുടുംബങ്ങളാണ് കേരളത്തിൽ ഭൂമിയില്ലാതെ കഴിയുന്നത്. അതേ സമയത്താണ് ടാറ്റയും ഹാരിസണും പോലെയുള്ള കുത്തകകൾ പതിനായിരക്കണക്കിനേക്കർ ഭൂമി നിയമരഹിതമായി കൈയ്യടക്കിവച്ച് തരിശിട്ട് കാർഷികേതര ആവശ്യങ്ങൾക്കായി ഉപയോഗപ്പെടുത്തുന്നത്. കൃഷിയോഗ്യമായ നെൽപ്പാടങ്ങളേറെയും കൃഷി നഷ്ടമാണെന്ന് പറഞ്ഞ് തരിശിട്ട് റിയൽ എസ്റ്റേറ്റ് കച്ചവടക്കാർക്ക് കൈമാറുകയാണ്. തൃശൂർ ജില്ലയിലെ പുഴയ്ക്കൽ പാടത്താണ് ഏറ്റവും ഗുരുതരമായ ഭൂമികയ്യേറ്റങ്ങൾ നടക്കുന്നത്. അവിടെ 400 ഏക്കർ ഭൂമി ശോഭ ഡവലപ്പേഴ്സ് മണ്ണിട്ട് നികത്തി ഫൈവ്സ്റ്റാർ സത്രങ്ങൾ പണിയാൻ പോവുകയാണ്. ശുദ്ധജല ലഭ്യത കുറയുന്നതുപോലെ വളരെ ഗുരുതരമായ പരിസ്ഥിതിക പ്രശ്നങ്ങൾ ഇതിനോടനുബന്ധിച്ച് ഉയർന്നുവന്നു കഴിഞ്ഞു.

കൊച്ചിനഗരത്തിൽ സൃഷ്ടിക്കപ്പെട്ടുകൊണ്ടിരിക്കുന്ന ചേരികളുടെ പ്രശ്നവും അതീവഗുരുതരമാണ്. ഒരു വശത്ത് കൊച്ചി അനുദിനം വികസിക്കുംതോറും മറുവശത്ത് അന്തിയുറങ്ങാനിടമില്ലാത്തവർ അവിടെ പെരുകിവരുന്നു. ഏറ്റവുംമോശമായ സാഹചര്യത്തിൽ 2000 പേരാണ് നഗരചേരികളിലെ തെരുവുകളിൽ കഴിയുന്നത്. ഫോർട്ട് കൊച്ചി, മട്ടാഞ്ചേരി പ്രദേശങ്ങൾ ഇന്ത്യയിലെ തന്നെ വലിയ ചേരികളിൽ പ്രധാനപ്പെട്ടവയായി മാറിക്കൊണ്ടിരിക്കുകയാണ്. പതിനായിരക്കണക്കിന് കുടുംബങ്ങൾ ഇവിടെ പണയത്തിനും വാടകയ്ക്കുമൊക്കെ പഴയ ഗോഡൗണുകളിൽ താമസിയ്ക്കുകയാണ്. ഇവരുടെ പാർപ്പിടാവ

കാശം സംരക്ഷിക്കുന്നതിനായി ഭൂസമരസമിതി എറണാകുളത്ത് ഇപ്പോൾ സമരമാരംഭിച്ചിട്ടുണ്ട്.

പൊതുസമൂഹത്തിന് രാഷ്ട്രീയ ബോധവും തിരിച്ചറിവും നഷ്ടമായി തുടങ്ങിയതോടെ റിയൽ എസ്റ്റേറ്റ് മാഫിയകളും, ഉദ്യോഗസ്ഥ രാഷ്ട്രീയ വൃന്ദങ്ങളുമുൾപ്പെട്ട ഭൂമി മാഫിയ ജനങ്ങൾക്കെതിരായി പ്രവർത്തിച്ചുവരുന്നു. ഭൂമിയ്ക്കുവേണ്ടിയുള്ള സമരങ്ങളിൽ നിന്നും ഭൂരഹിതരെ തിരിച്ചുവിടാൻ ഭരണകൂടങ്ങളുടെ ഒത്താശയോടെ മാഫിയകൾ വലിയ തോതിൽ വാഗ്ദാനങ്ങൾ നൽകുന്നുണ്ട്. പേര് രജിസ്റ്റർ ചെയ്യുന്നവർക്കെല്ലാം ഒരു കൊല്ലത്തിനകം ഭൂമി നൽകുമെന്ന സർക്കാർ വാദത്തെ ആർക്കാണ് വിശ്വസിക്കാൻ കഴിയുന്നത്.

ഭൂപരിഷ്ക്കരണ നിയമത്തിലെ അപാകതകളാണ് ഇത്തരമൊരു വ്യവസ്ഥയിലേക്ക് കേരളത്തെയെത്തിച്ചത്. ഭൂപരിഷ്ക്കരണത്തിന്റെ ഫലമായി ഭൂമി കേന്ദ്രീകരണമാണ് കേരളത്തിലുണ്ടായത്. അങ്ങിനെ കേന്ദ്രീകരിക്കപ്പെട്ട ഭൂമിയെല്ലാം കാർഷികേതര ആവശ്യങ്ങൾക്കായി ഉപയോഗിക്കപ്പെട്ടു. കൃഷിഭൂമി കർഷകനെന്ന് പറഞ്ഞാണ് ഭൂപരിഷ്ക്കരണം നടപ്പാക്കിയതെങ്കിലും മണ്ണിൽ പണിയെടുത്ത യഥാർത്ഥ കർഷകന്റെയടുക്കലേക്കല്ല, ഇടനിലക്കാരന്റെ പക്കലേക്കാണ് ഭൂമിയെല്ലാമെത്തിച്ചേർന്നത്. അതോടെ ഭൂമിയില്ലാതെയായ കർഷകരെയെല്ലാം ലക്ഷംവീട് കോളനികൾ പണിഞ്ഞ് അതിനുള്ളിലാക്കി. പുത്തൻ കൊളോണിയൽ സംസ്കാരത്തിന്റെ വരവോടെ പരമ്പരാഗത കാർഷിക ജനകീയ സംസ്ക്കാരം അവസാനിക്കുകയും ചെയ്തു. ഭൂമി കിട്ടിയ ഇടനിലക്കാരെല്ലാം കൃഷി അവസാനിപ്പിക്കുകയും ഭൂമി മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കുകയും ചെയ്തതോടെ കൃഷിപ്പണി ചെയ്ത് ജീവിച്ചിരുന്ന ജനത കടുത്ത ദാരിദ്ര്യത്തിലാണ്ടുപോയി.

ഭൂപരിഷ്ക്കരണ നിയമം പോലെയുള്ള ചരിത്രപരമായ തെറ്റുകൾ സാമൂഹിക ധാരയിലുള്ളതിനാൽ ഭൂമിയുടെ ശരിയായ രാഷ്ട്രീയത്തെ പുനർനിർണ്ണയിച്ചുകൊണ്ടുവേണം ഭൂമിയ്ക്ക് വേണ്ടി സമരം ചെയ്യേണ്ടത്.

കൃഷിഭൂമി മണ്ണിൽ അധ്വാനിക്കുന്നവർക്ക് തന്നെയാണ് എന്നതാണ് ഭൂമിയുടെ ശരിയായ രാഷ്ട്രീയം. കൃഷിഭൂമി കർഷകർക്ക് എന്ന് പറഞ്ഞാൽ ജലമുൾപ്പടെ ഭൂമിയിലുള്ള എല്ലാ വിഭവങ്ങൾക്കുമേലുമുള്ള അധികാരമാണ് അതുകൊണ്ട് അർത്ഥമാകുന്നത്. ഭൂസമരസമിതി നടത്തുന്ന സമരങ്ങളുടെയും ഈ രാഷ്ട്രീയം പുറത്തുകൊണ്ടുവരാൻ ഞങ്ങൾ ശ്രമിക്കുന്നുണ്ട്. കേരളത്തിലെ നവസാമൂഹികപ്രസ്ഥാനങ്ങളും, സമാന്തര സംഘടനകളും ഭൂമിയുടെ വിഷയത്തിൽ ഇടപെടുന്നതുപോലെയല്ല ഞങ്ങൾ ഇടപെടുന്ന രാഷ്ട്രീയം. ജനാധിപത്യ വിപ്ലവത്തിലേക്കുള്ള താക്കോൽ കാർഷിക വിപ്ലവമാണെന്ന് തിരിച്ചറിഞ്ഞുകൊണ്ടാണ് കൃഷിഭൂമിയേയും കർഷകരേയും കേന്ദ്രീകരിച്ച് ഞങ്ങൾ ഭൂസമരങ്ങൾ നടത്തുന്നത്.

ഇന്ന് കേരളത്തിലെ ഒരു പ്രധാന രാഷ്ട്രീയപ്രശ്നം കൂടിയാണ് ഭൂമി. മൂന്നാറും, മെർക്കിസ്റ്റണും, എച്ച്.എം.ടി.യും, സ്മാർട്ട് സിറ്റിയുമെല്ലാം ഭൂമിയെച്ചൊല്ലിയുണ്ടായ വിവാദങ്ങളാണ്. ടാറ്റയെ കെട്ടുകെട്ടിക്കാൻ ഇറങ്ങിത്തിരിച്ച മുഖ്യമന്ത്രി ഹാരിസണിന്റെ മുന്നിൽ പകച്ചുനിൽക്കുന്നത് കടുത്ത രാഷ്ട്രീയ കപടതയാണ്. കൈവശമുള്ള ഭൂമിയുടെ കണക്ക് കാണിക്കണമെന്ന് റവന്യൂ വകുപ്പ് സെക്രട്ടറി പലതവണ ആവശ്യപ്പെട്ടിട്ടും ഇതേവരെ ഹാരിസൺ അനങ്ങിയിട്ടില്ല. ഇത്തരം ധിക്കാരപരമായ നീക്കങ്ങൾ നടത്തുന്നതിനുള്ള സർവ്വ പിന്തുണയും സർക്കാർ ഹാരിസണ് നൽകിയിട്ടുണ്ട്.

കേരളത്തിലെ ഭൂരഹിതരിൽ ഏറിയ പങ്കും ദളിതരും ആദിവാസികളുമാണ്. എന്നാൽ അവർ നടത്തുന്ന സമരങ്ങളിലെ സ്വത്വ രാഷ്ട്രീയത്തെ ഞങ്ങൾ അംഗീകരിക്കുന്നില്ല. അവരുടെ ആവശ്യങ്ങൾ തീർത്തും ന്യായമായതിനാലാണ് ഞങ്ങൾ അവരുടെ സമരങ്ങൾക്ക് പിന്തുണ പ്രഖ്യാപിക്കുന്നത്. ഭൂപരിഷ്ക്കരണം വർഗ്ഗാടിസ്ഥാനത്തിലുള്ള വിഭജനം നടത്തിയതുകൊണ്ടാണ് പരാജയപ്പെട്ടതെന്ന് ദളിത് സമരക്കാർ പറയുന്നുണ്ട്. ദളിത് എന്ന പേരിൽതന്നെ ഭൂമിയുടെ അവകാശം പുനർനിർണ്ണയിക്കപ്പെട്ടാൽ അപാകതകൾ പരിഹരിക്കപ്പെടുമെന്ന് അവർ സമരങ്ങളിലൂടെ തെളിയിക്കേണ്ടിയിരിക്കുന്നു.

തോട്ടവിളകളെ ഒഴിവാക്കിയതും ഭൂപരിഷ്കരണത്തിന്റെ ഒരു പ്രധാന ദൗർബല്യമാണ്. കൃഷി നിലനിൽക്കുന്നതിനുവേണ്ടിയായിരുന്നു അന്ന് അപ്രകാരം ചെയ്തതെങ്കിൽ ഇന്ന് ഈ തോട്ടങ്ങളെല്ലാം രൂപപരിണാമം സംഭവിച്ച് റിയൽ എസ്റ്റേറ്റ് ഭൂമികച്ചവടത്തിൽ സ്ഥാനം പിടിച്ചുകഴിഞ്ഞു. ഭക്ഷ്യ ഉത്പന്നങ്ങളുടെ ഉൽപാദനം കുറയുന്ന സാഹചര്യത്തിൽ കാർഷിക ഉൽപ്പനങ്ങൾ കൂടി ഉൽപാദിപ്പിക്കപ്പെടുന്ന തരത്തിലേക്ക് തോട്ടങ്ങളെ മാറ്റിയെടുക്കേണ്ടതാണ്. എങ്കിൽ മാത്രമേ തോട്ടവിളകൾ കൂടി ഉൾക്കൊള്ളുന്ന ഒരു ഭൂപരിഷ്ക്കരണത്തിന് അർത്ഥമുണ്ടാവുകയുള്ളൂ.

ഭൂമിയില്ലാത്ത ആളുകളുടെ പ്രശ്നം മാത്രമല്ല ഇന്ന് ഭൂമിപ്രശ്നം. നാമമാത്രമായ അളവിൽ ഭൂമിയുള്ള നിർധനരായ ജനങ്ങളെ വികസന പദ്ധതികളുടെ പേരിൽ സർക്കാർ കുടിയിറക്കുന്നതിനെതിരെയും വ്യാപകമായ സമരങ്ങൾ ഇന്ന് നടക്കുന്നുണ്ട്. നന്ദിഗ്രാം മുതൽ മൂലമ്പിള്ളി വരെയുള്ളിടത്ത് സംഭവിച്ചതിതാണ്. ഇന്ത്യയിലെമ്പാടും വ്യാവസായിക ആവശ്യങ്ങൾക്കായി പ്രത്യേക സാമ്പത്തിക മേഖലകൾ സൃഷ്ടിച്ച് നല്ല രീതിയിൽ വിളവ് കിട്ടുന്ന കൃഷി ഭൂമി സർക്കാർ പിടിച്ചെടുത്തുകൊണ്ടിരിക്കുകയാണ്. ഇതിനെതിരെയും ഭൂസമരസമിതിയുടെ നേതൃത്വത്തിൽ ശക്തമായസമരങ്ങൾ നടക്കുന്നു.

*കൺവീനർ, ഭൂസമരസമിതി, ജവഹർ നഗർ, കൊച്ചി-18*

**കേരളീയം**

പുസ്തകം കൈപ്പറ്റി



**പച്ചയയുടെ കൈരേഖ**

വി.എച്ച്. ദിരാർ

കറന്റ് ബുക്സ്, തൃശൂർ

വില : 75 രൂപ

പേജ് 148

**Kerala Fisheries: Exploring Data Needs for Resource Management**

Edited by G. Ramachandran Nair& Dr. J.B. Rajan

Kerala Institute for Environment & Development

